# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 14 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalaprd

### വിഷുവിനു മുൻപ് സന്നിധാനത്തെ അന്നദാനമണ്ഡപം പൂർണ സജ്ജമാകും

ശബരിമല: വിഷുവിനു മുൻപ് സന്നിധാനത്തെ അന്നദാനമണ്ഡപം പൂർണസജ്ജമാകുമെന്ന് ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ കെ. ജയകുമാർ പറഞ്ഞു. സന്നിധാനത്തെ അന്നദാനമണ്ഡപം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്നദാനം വിജയകരമായി നടത്താൻ കഴിയുന്നുണ്ട്. സന്നിധാനത്തെ അന്നദാന മണ്ഡപത്തിൽ ഒരു സമയം 10000 പേർക്ക് ഭക്ഷണം നൽകി വരുന്നു. ഇവിടെ 27,000 സ്ക്വയർഫീറ്റ് സ്ഥലമാണ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്. സമുച്ചയത്തിന്റെ മുകളിലുള്ള രണ്ടു നില കൂടി പ്രവർത്തനക്ഷമമായി കഴിയുമ്പോൾ 70,000 സ്ക്വയർഫീറ്റ് സ്ഥലം അന്നദാനത്തിനായി ലഭിക്കും. പൂർണതയിലെത്തിക്കഴിയുമ്പോൾ ഒരു സമയം 30,000 പേർക്കും ഒരു ദിവസം ഒന്നരലക്ഷം പേർക്ക് വരെയും അന്നദാനം ലഭ്യമാക്കാൻ സാധിക്കും. അന്നദാനമണ്ഡപം പ്രത്യേക മൂന്നു യൂണിറ്റുകളായി നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തീർഥാടനം മികച്ച നിലയിൽ മുന്നോട്ടു പോകുകയാണ്. കുടിവെള്ളം, മാലിന്യസംസ്കരണ പ്ലാന്റ്, വലിയ രീതിയിൽ ആരംഭിച്ച അന്നദാനം എന്നിവ സംബന്ധിച്ച് ആശങ്കകൾ ഉണ്ടായിരുന്നെങ്കിലും

തീർഥാടനം മൂന്നാഴ്ച പിന്നിടുമ്പോൾ തൃപ്തികരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരുക്കിയിട്ടുള്ള ബദൽ സംവിധാനങ്ങൾ തീർഥാടകർ സ്വീകരിച്ചു. ഉന്നതാധികാരസമിതിയും ദേവസ്വം ബോർഡും വാട്ടർ അതോറിറ്റിയും ചേർന്നാണ് ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കിയത്. തീർഥാടകർക്ക് ആവശ്യത്തിന് വെള്ളം ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ഏറ്റവും സന്തോഷകരമായ കാര്യം തീർഥാടകർ പ്ലാസ്റ്റിക്കിനെതിരായ സന്ദേശം ഉൾക്കൊണ്ടുവെന്നതാണ്. ഇപ്പോൾ അഞ്ചു ശതമാനം പേർ പോലും കുപ്പിവെള്ളവുമായി ശബരിമലയിൽ വരുന്നില്ല. അടുത്തവർഷം പ്ലാസ്റ്റിക്ക് കവറുകൾ കൊണ്ടുവരുന്നതിൽനിന്നു പോലും തീർഥാടകരെ പിന്തിരിപ്പിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## മാലിന്യ സംസ്കരണ പദ്ധതികൾക്ക് മുൻഗണന<br>പമ്പ നദിക്ക് പുതിയ മുഖം നൽകും;<br>ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കും

ശബരിമല: ശബരിമലയുടെ കവാടമെന്ന നിലയിൽ  പമ്പാ നദിയെ ശുചീകരിക്കുന്നതിനും പുതിയ മുഖച്ഛായ നൽകുന്നതിനും നടപടി സ്വീകരിക്കുമെന്ന് ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ കെ. ജയകുമാർ പറഞ്ഞു. സന്നിധാനത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പമ്പയിലും സന്നിധാനത്തും ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കും. പമ്പയിൽ 10 എംഎൽഡി ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുൾപ്പെടെ മാലിന്യസംസ്കരണത്തിന് മുൻഗണന നൽകുന്ന കാര്യങ്ങൾ ഡിസംബർ 15ന് ചേരുന്ന ശബരിമല ഉന്നതാധികാര സമിതി യോഗം ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റും ഉന്നതാധികാര സമിതി ചെയർമാൻ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.

പമ്പ നദിയുടെ ശുചീകരണം, മാലിന്യ നിർമാർജനം എന്നിവ നടപ്പാക്കും. ശബരിമല വികസനത്തിനായി കേന്ദ്ര വിനോദ സഞ്ചാര വകുപ്പ് അനുവദിച്ച 99 കോടി രൂപ ഇതിനായി വിനിയോഗിക്കും. ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ഉന്നതാധികാര സമിതിയോഗം ചർച്ച ചെയ്യും. പമ്പയിൽ കുളിക്കുന്നതിനു മുമ്പ് ഷവറിൽ ദേഹശുദ്ധി വരുത്തി കുളിക്കാനുള്ള സംവിധാനം ഒരുക്കും. ഷവറിൽ കുളിച്ച ജലം ശുദ്ധീകരിച്ച ശേഷം മാത്രം പമ്പയിലേക്ക് ഒഴുക്കുക, മനുഷ്യമാലിന്യം പമ്പയിലേക്ക് എത്തുന്നത് എവിടെനിന്ന് എന്നൊക്കെ കണ്ടെത്തുകയും അടയ്ക്കുകയും ചെയ്യുക, ഇത് മാലിന്യസംസ്കരണ പ്ലാന്റിൽ എത്തിച്ച് ശുചീകരിച്ച ശേഷം മാത്രം പുറത്തേക്ക് വിടുന്നതിന് സംവിധാനമൊരുക്കുക തുടങ്ങി പമ്പ നദിയെ സംരക്ഷിക്കുന്ന

തിനും പൂങ്കാവനത്തിലേക്കുള്ള പ്രവേശന കവാടമെന്ന നിലയ്ക്ക് മാലിന്യമുക്തമാക്കുന്നതിനും മനോഹരമാക്കുന്നതിനും ആവശ്യമായ നടപടികൾ ചർച്ച ചെയ്യും. പമ്പയിലും സന്നിധാനത്തും ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിച്ച് ബയോഗ്യാസാക്കി ഉപയോഗിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സന്നിധാനത്ത് അഞ്ച് എംഎൽഡി ശേഷിയുള്ള മാലിന്യസംസ്കരണ പ്ലാന്റാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനുപയോഗിച്ചിട്ടുള്ള സാങ്കേതിക വിദ്യ തന്നെയാണ് പമ്പയിലും ഉപയോഗിക്കുക. സന്നിധാനത്തെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമാണ്. ഒരു വർഷം കൊണ്ട് ഇതിന്റെ പ്രവർത്തനം പൂർണതയിലെത്തും. നല്ല ഫലമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡ് സന്നിധാനത്തെ മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം അംഗീകരിച്ചിട്ടുണ്ട്. പമ്പയിൽ 10 എംഎൽഡി ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാനാണ് സാങ്കേതിക സമിതി നിർദേശിച്ചിട്ടുള്ളത്. ഇതിനുള്ള സ്ഥലം പമ്പയിൽ കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക സമിതി അംഗങ്ങൾ സ്ഥലം സന്ദർശിച്ചിരുന്നു.

കുന്നാർ ഡാമിൽനിന്നുള്ള ജലം സന്നിധാനത്ത് കൂടുതലായി സൂക്ഷിക്കുന്നതിന് രണ്ട് സംഭരണികൾ ഈ വർഷം സ്ഥാപിക്കും. ക്യു കോംപ്ലക്സ് സ്ഥാപിച്ചതിന്റെ ലക്ഷ്യം നേടിയിട്ടില്ല. ഇതിന്റെ പ്രയോജനം പൂർണമായി നേടുന്നതിന് സീസണു ശേഷം പോലീസിന്റെ ഉന്നതതലത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യും. വരിയിൽനിന്ന് ആളുകൾ ബുദ്ധിമുട്ടുന്നതിനു പകരം ക്യു കോംപ്ലക്സിൽ സുഖമായി ഇരിക്കാൻ സൗകര്യമൊരുക്കാനാണ് ഉന്നതാധികാര സമിതി ലക്ഷ്യമിട്ടത്. വലിയ തോതിൽ തീർഥാടകർ വരുമ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടാകും. എങ്കിലും തീർഥാടകർക്ക് ആശ്വാസം പകരാൻ ക്യു കോംപ്ലക്സിലൂടെ കഴിയും. സന്നിധാനത്തെ വലിയ നടപ്പന്തൽ പുനക്രമീകരിക്കുമ്പോൾ അവിടെ അയ്യപ്പന്മാർക്ക് ഇരിക്കാനും ഓരോ പോയിന്റിലും കുടിവെള്ളം ലഭ്യമാക്കാനും നടപടിയെടുക്കും. എരുമേലി, കരിമല തുടങ്ങിയ സ്ഥലങ്ങളിൽ കൂടി ശ്രദ്ധ പതിപ്പിക്കുന്നകാര്യം ഉന്നതിധികാര സമിതി യോഗം ചർച്ച ചെയ്യും. രവി പിള്ള നൽകിയ അരവണപ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഈ സീസൺ കഴിഞ്ഞാൽ ഉടൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസുമായി ചർച്ച നടത്തിക്കിഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 14 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: www.facebook.com/Sabarimalaprd

### ഹൃദ്രോഗികൾ ശാരീരികക്ഷമത ഉറപ്പുവരുത്തി മാത്രം മലകയറുക

ശബരിമല: ഹൃദയസംബന്ധമായ അസുഖമുള്ളവർ വേണ്ടത്ര വൈദ്യപരിശോധന നടത്തി ശാരീരികക്ഷമത ഉറപ്പുവരുത്തി മാത്രം മലകയറണമെന്ന് സന്നിധാനം ഹെൽത്ത് നോഡൽ ഓഫീസർ ഡോ. ജി. സുരേഷ് ബാബു അറിയിച്ചു. ഹൃദയസംബന്ധമായ അസുഖമുള്ളവർ കഴിക്കുന്ന മരുന്നുകൾ കൃത്യമായ അളവിൽ തന്നെ കഴിക്കണം. പ്രമേഹവും രക്തസമ്മർദവും ഉള്ളവർ അത് നിയന്ത്രിക്കത്തക്ക മരുന്നുകൾ കഴിക്കണം. വ്രതം നോക്കുമ്പോൾ മരുന്നുകൾ നിർത്തരുത്. സമയമെടുത്ത് സാവകാശമേ മല കയറാവൂ. ക്ഷണമോ ബുദ്ധിമുട്ടോ അനുഭവപ്പെട്ടാൽ ഉടൻ വിശ്രമിക്കണം. വീണ്ടും ക്ഷീണം അനുഭവപ്പെട്ടാൽ മലകയറ്റം തുടരാൻ ശ്രമിക്കരുത്. തൊട്ടടുത്ത എമർജൻസി മെഡിക്കൽ സെൻററിലെത്തി വൈദ്യസഹായം തേടുക. ശരണവഴികളിൽ ഓരോ 50 മീറ്ററിലും എമർജൻസി മെഡിക്കൽ സെൻററുണ്ട്. ക്ഷീണം അനുഭവപ്പെടുന്നവരെ നിർബന്ധിച്ച് മല കയറ്റി കൊണ്ടുപോവരുത്. കഴിക്കുന്ന മരുന്നുകളുടെ കുറിപ്പടിയോ മരുന്നോ ഡോക്ടർമാരുടെ ഉപദേശമടങ്ങുന്ന രേഖകളോ കൈയിൽ കരുതണമെന്നും അദ്ദേഹം അറിയിച്ചു.

## വിജയകുമാർ ഇന്ന് (ഡിസംബർ 15) സ്പെഷൽ ഓഫീസറായി ചാർജെടുക്കും

ശബരിമല: സന്നിധാനം പൊലീസ് സ്പെഷൽ ഓഫീസർ പി.കെ. മധു ഇന്ന് (ഡിസംബർ 15) തിരുവനന്തപുരം ട്രാഫിക് എസ്.പി വിജയകുമാറിന് ചുമതല കൈമാറും. തീർഥാടകർക്ക് കൂടുതൽ സൗകര്യപ്രദമായും തൃപ്തികരമായും സേവനം നിർവഹിക്കാൻ കഴിഞ്ഞതായി സ്പെഷൽ ഓഫീസർ പി.കെ. മധു പറഞ്ഞു. ഉൾക്കൊള്ളാൻ പറ്റാത്തത്ര തിരക്ക് വന്നപ്പോൾ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ചില പൊലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തിൽ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ തിരുത്താൻ വേണ്ട നിർദേശങ്ങൾ നൽകിയതായും അദ്ദേഹം പറഞ്ഞു. സ്പെഷൽ ഓഫീസർ ചുമതല മാറുന്നതുമായി ബന്ധപ്പെട്ട് പൊലീസ് ഓഫീസർമാരുടെ യോഗം സന്നിധാനം ഗസ്റ്റ് ഹൗസിൽ ചേർന്നു.

## വിർചൽ ക്യൂ ബുക്കിംഗ് സൗജന്യം

ശബരിമല: ശബരിമല ദർശനത്തിനായി കേരള പൊലീസ് ഏർപ്പെടുത്തിയ വിർചൽ ക്യൂ സംവിധാനം പൂർണമായി സൗജന്യമാണെന്ന് സന്നിധാനം പൊലീസ് സ്പെഷൽ ഓഫീസർ പി.കെ. മധു അറിയിച്ചു. കേരളത്തിന് പുറത്ത് വിർചൽ ക്യൂ ബുക്കിംഗിന് ഇൻറർനെറ്റ് കഫേകളും മറ്റും കേരള പൊലീസിന് നൽകാനെന്ന് പറഞ്ഞ് രണ്ടായിരം രൂപയോളം ഓരോരുത്തരിൽനിന്നും ഈടാക്കുന്നതായി പരാതി ഉയർന്നിട്ടുണ്ട്. http://www.sabarimalaq.com/ എന്ന വെബ്സൈറ്റിലൂടെയാണ് വിർചൽ ക്യൂ സംവിധാനത്തിൽ ബുക്കിംഗ് നടത്താനാവുക. വിർചൽ ക്യൂ ഹെൽപ്ലൈൻ നമ്പർ: 0471 324 3000, 324 4000, 324 5000

## ചികിത്സ തേടുന്ന തീർഥാടകരിൽ 13 ശതമാനം ഹൃദയസംബന്ധമായ അസുഖമുള്ളവർ

ശബരിമല: ശബരിമലയിലെ വിവിധ ആശുപത്രികളിൽ ചികിത്സ തേടുന്ന തീർഥാടകരിൽ 13 ശതമാനം ഹൃദയസംബന്ധമായ അസുഖമുള്ളവരാണെന്ന് സന്നിധാനം ഹെൽത്ത് നോഡൽ ഓഫീസർ ഡോ. ജി. സുരേഷ് ബാബു അറിയിച്ചു. മണ്ഡല-മകര വിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിസംബർ 12 വരെ 90,000 രോഗികൾ ചികിത്സ തേടിയതായി അദ്ദേഹം അറിയിച്ചു. ഇതിൽ 13 ശതമാനവും ഹൃദയ സംബന്ധമായ കേസുകളാണ്. 76 പേർ ഹൃദയാഘാതത്തിന് ചി

കിത്സതേടി. 133 പേർ ഹൃദയാഘാതവുമായി ബന്ധപ്പെട്ട ചികിത്സ തേടി. തീർഥാടന കാലത്ത് ഡിസംബർ 14 വരെ 15 പേരാണ് മരിച്ചത്. ഇതിൽ എട്ടു മരണവും അപ്പാച്ചിമേട്ടിലും ശബരിപീഠത്തിലുമാണ് സംഭവിച്ചത്. മരിച്ചവരിൽ കൂടുതലും നാൽപതിനും അറുപതിനും ഇടയിൽ പ്രായമുള്ളവരാണ്. ചന്ദ്രാനന്ദൻ റോഡിൽ വിശ്രമ സ്ഥലം സ്ഥാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആയുർവേദ ആശുപത്രിയിൽ പ്രതിദിനം 500 പേർ ചികിത്സ തേടുന്നുണ്ട്. ഹോമിയോ ആശുപത്രിയിൽ ഒരു ചിക്കൻപോക്സ് കേസ് റിപ്പോർട്ട് ചെയ്തിരുന്നു.

തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിൽ ശബരിമലയിലെ പ്ലാസ്റ്റിക് നിരോധനം, വസ്ത്രങ്ങൾ ഉപേക്ഷിക്കൽ എന്നിവ സംബന്ധിച്ച് പോസ്റ്റർ പ്രചാരണം നടത്തുന്നുണ്ടെന്ന് തമിഴ്നാട് ലെയ്സൺ പ്രതിനിധി എ. അജികുമാർ അറിയിച്ചു.

യോഗത്തിൽ എക്സിക്യുട്ടീവ് ഓഫീസർ ആർ. രവിശങ്കർ, പൊലീസ് അസി. സ്പെഷൽ ഓഫീസർ ഡോ. കാർത്തികേയൻ ഗോകുലചന്ദ്രൻ, എക്സൈസ് സി.ഐ ടി.എ അശോക് കുമാർ, പി.ആർ.ഒ മുരളി കോട്ടയ്ക്കകം, ഫെസ്റ്റിവൽ കൺട്രോളർ സി.ടി. പത്മകുമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. അടുത്ത അവലോകന യോഗം ഡിസംബർ 19ന് നടക്കും.

**കോട്പ: സന്നിധാനത്ത് 1,07,000 രൂപ പിഴ ഇടാക്കി**

ശബരിമല: സന്നിധാനത്ത് പുകവലി നിരോധന നിയമ (കോട്പ)വുമായി ബന്ധപ്പെട്ട് പുകവലിച്ചതിനും പുകയില ഉൽപ്പന്നങ്ങൾ കൈവശം വെച്ചതിനും ഡിസംബർ 13 വരെ 1,07,000 രൂപ പിഴ ഇടാക്കിയതായി എക്സൈസ് സി.ഐ ടി.എ അശോക് കുമാർ അറിയിച്ചു. ഡിസംബർ 13ന് മാത്രം 33 കേസുകളിലായി 6,600 രൂപ പിഴയീടാക്കി. ഡിസംബർ 13 വരെ 2,350 ഗ്രാം പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു. 153 പായ്ക്കറ്റ് സിഗരറ്റ്, 2342 പായ്ക്കറ്റ് ബീഡി, 240 പായക്കറ്റ് ഹാൻസ് എന്നിവ പിടിച്ചെടുത്തു. വിൽപനയ്ക്കായി പാണ്ടിത്താവളത്തിലും മറ്റും കാടിന് സമീപത്തായി സൂക്ഷിച്ചവയാണ് പിടിച്ചെടുത്തത്. പുകവലിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നതായും സി.ഐ അറിയിച്ചു.

**ഹൃദയാഘാതം: സന്നിധാനത്ത് തീർഥാടകൻ മരിച്ചു**

ശബരിമല: സന്നിധാനത്ത് തീർഥാടകൻ ഹൃദയാഘാതത്തെതുടർന്ന് കുഴഞ്ഞുവീണ് മരിച്ചു. ആന്ധ്ര സ്വദേശി ഗഡുരു ബുചിരാജു (45) ആണ് ബുധനാഴ്ച മരിച്ചത്. മൃതദേഹം പത്തനംതിട്ട ഗവ. ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

## ഭക്തിഗാനസുധ

ശബരിമല: സന്നിധാനത്തെ ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ ഡിസംബർ 17ന് രാത്രി ഏഴിന് പെരുമ്പാവൂർ കോരനാട് ശിവശക്തി നാരായണനും സംഘവും ഭക്തിഗാനസുധ അവതരിപ്പിക്കും.

## ദേവസ്വം ബോർഡ് വേദ-വേദാന്ത-വേദിക് കോളജ് തുടങ്ങും

ശബരിമല: കൊൽക്കത്തയിലെ വിവേകാനന്ദ സർവകലാശാല യുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം ശംഖുമുഖം ദേവീ ക്ഷേത്രം അങ്കണത്തിൽ വേദ-വേദാന്ത-വേദിക് കോളജ് തുടങ്ങു മെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോ പാലകൃഷ്ണൻ പറഞ്ഞു. ശ്രീരാമകൃഷ്ണ മഠത്തിന്റെ തിരുവനന്തപു രം ശാഖയുടെ ശതാബ്ദി ആഘോഷത്തിന്റെ പ്രാരംഭ ചടങ്ങുകൾ ഉദ് ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശ്രീരാമകൃഷ്ണ ആശ്രമത്തിന്റെ തിരുവനന്തപുരം ശാഖ തുടങ്ങിയിട്ട് 100 വർഷം തികയുകയാണ്. ആധ്യാത്മിക നവോഥാന ചടങ്ങുകൾ നിത്യ സ്മരണീയവും ഗുണകരവും ആക്കാനാണ് ദേ വസ്വം ബോർഡ് വിവേകാനന്ദ സർവകലാശാലയുടെ സബ് സെന്റർ തുടങ്ങുന്നത്-ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

കഴിഞ്ഞ മണ്ഡല-മകരവിളക്ക് ഉത്സവ കാലത്ത് 30 രാജ്യ ങ്ങളിലെ അയ്യപ്പ വിശ്വാസികൾ ശബരിമല സന്ദർശിച്ചിരുന്നു. അവരു ടെ അഭിപ്രായം മാനിച്ചും ശബരിമല അയ്യപ്പക്ഷേത്രം ദേശാന്തര അ ധ്യാത്മിക കേന്ദ്രമായി മാറിവരുന്ന സാഹചര്യവും കണക്കിലെടു ത്താണ് വിശ്വോത്തര ആധ്യാത്മിക പഠന കേന്ദ്രം തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവനന്തപുരത്ത് തുടങ്ങുന്നതെന്നും പ്ര സിഡന്റ് പറഞ്ഞു. സ്വാമി മോക്ഷപ്രതാനന്ദ അധ്യക്ഷത വഹിച്ചു.

## ഭക്ഷ്യസുരക്ഷാ പരിശോധന കർശനമാക്കി

ശബരിമല: സന്നിധാനത്തും പമ്പയിലും നിയോഗിച്ചിട്ടുള്ള ഭ ക്ഷ്യസുരക്ഷാ സ്ക്വാഡുകൾ പരിശോധന കർശനമാക്കി. ഹോ ട്ടലുകൾ, അന്നദാനമണ്ഡപങ്ങൾ, ഭക്ഷണ വിൽപ്പന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നട ത്തുകയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറ പ്പുവരുത്തുകയും ചെയ്തു.

പമ്പ, നിലയ്ക്കൽ, ളാഹ തുടങ്ങിയ സ്ഥലങ്ങളിൽ സ്ക്വാ ഡ് നടത്തിയ പരിശോധനയിൽ ന്യൂനത കണ്ടെത്തിയ എട്ട് സ്ഥാപന ങ്ങൾക്ക് നോട്ടീസ് നൽകി. വൃത്തിയും വെടിപ്പുമില്ലാതെ ഭക്ഷണസാ ധനങ്ങൾ വിൽപ്പന നടത്തിയതിന് വിവിധ സ്ഥാപനങ്ങളിൽനിന്നും

9000 രൂപ പിഴ ഈടാക്കി. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ ലൈസൻസ് വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരേ നിയമനടപടി കൈക്കൊള്ളുമെന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു.

കഴിഞ്ഞ ദിവസം പമ്പയിൽനിന്നും കുടിവെള്ളത്തിന്റെ നാല് സാമ്പിളുകൾ ബാക്ടീരിയ പരിശോധനയ്ക്കായി പത്തനംതിട്ട ഫുഡ് അനലിസ്റ്റ് ലാബിലേക്കും കോന്നിയിലെ സിഎഫ്ആർഡി ലാബിലേക്കും അയച്ചു. പരിശോധനാഫലം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുമെന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു. നിയമാനുസൃതമായ ലേബൽ വ്യവസ്ഥകൾ പാലിക്കാത്ത പായ്ക്കറ്റ് ഭക്ഷണ സാധനങ്ങൾ, സോഡ തുടങ്ങിയവ വിൽപ്പന നടത്താൻ പാടില്ല. സന്നിധാനത്തേക്ക് കൊണ്ടുപോയ അരിയുടെ സാമ്പിൾ പരിശോധനയ്ക്കായി തിരുവനന്തപുരത്തെ ഫുഡ് അനലിസ്റ്റ് ലാബിലേക്ക് അയച്ചു. പരിശോധനയ്ക്ക് ഭക്ഷ്യസുരക്ഷാ ഓഫീസർമാരായ പി.ജെ. വർഗീസ്, സുജിത് പെരേര എന്നിവർ നേതൃത്വം നൽകി.

## ഭക്ഷ്യസുരക്ഷാ ലൈസൻസ് പ്രദർശിപ്പിക്കണം

ശബരിമല: ഭക്ഷ്യസുരക്ഷാ ലൈസൻസും ഭക്ഷ്യസുരക്ഷാ ടോൾഫ്രീ നമ്പരും(1800 425 1125) ഉപഭോക്താക്കൾ കാണത്തക്കവിധം സ്ഥാപനത്തിൽ പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം നിർദേശിച്ചു. ജീവനക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ സൂക്ഷിക്കണം. ഭക്ഷണ സാധനങ്ങളുടെ നിർമാണം/ വിതരണത്തിൽ ഏർപ്പെടുന്നവർ വൃത്തിയുള്ള വേഷം ധരിക്കണം(ബർമുഡ/പാന്റ്/ കൈയുള്ള ബനിയൻ/ഹെഡ് ക്യാപ്പ്/ ഏപ്രൺ മുതലായവ). മാലിന്യങ്ങൾ അടപ്പുള്ള പാത്രങ്ങളിൽ ശേഖരിച്ച് ആരോഗ്യപരമായി സംസ്കരിക്കണം. ജീവനക്കാർ വ്യക്തിശുചിത്വം പാലിക്കണം.

ന്യൂസ്പേപ്പറിൽ പൊതിഞ്ഞ് ഭക്ഷണസാധനങ്ങളോ, എണ്ണപ്പലഹാരങ്ങളോ സൂക്ഷിക്കുകയോ, വിതരണം ചെയ്യുകയോ ചെയ്യരുത്. പാകം ചെയ്തതും ചെയ്യാത്തതുമായ ഭക്ഷണ സാധനങ്ങൾ മൂടി വയ്ക്കണം. അലുമിനിയം പാത്രങ്ങളിൽ പുളിമാവ് പോലുള്ള ആഹാരം സൂക്ഷിക്കരുത്. സ്റ്റീൽ പാത്രങ്ങൾ, ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവ ഉപയോഗിക്കുക. പഴകിയ ആഹാരം ഒരു കാരണവശാലും സ്ഥാപനത്തിൽ സൂക്ഷിക്കരുതെന്നും വീഴ്ചവരുത്തിയാൽ നിയമപ്രകാരമുള്ള നടപടി കൈക്കൊള്ളുമെന്നും ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു.

## അയ്യപ്പസ്വാമിക്ക് താളാർച്ചനയുമായി ശിവമണി

ശബരിമല: ദർശനത്തിനെത്തിയ പ്രമുഖ താളവാദ്യ വിദ്വാൻ ശി

വമണി സന്നിധാനത്തും ശ്രീ അയ്യപ്പാ ഓഡിറ്റോറിയത്തിലും താളാർച്ചന നടത്തി. തന്റെ ഇഷ്ടദേവനായ സ്വാമി അയ്യപ്പന്റെ സന്നിധിയിൽ നടത്തുന്ന താളാർച്ചനയാണ് കലാജീവിതത്തിനുള്ള ഊർജ്ജമാകുന്നതെന്ന് ശിവമണി പറഞ്ഞു. എൺപതുകളിൽ പ്രമുഖ ഗായകനും മാനസഗുരുവുമായ എസ്.പി ബാലസുബ്രഹ്മണ്യത്തിന്റെ ചെന്നൈയിലെ സ്റ്റുഡിയോയിൽ ഡ്രംസ് വായിക്കുന്ന കാലം. ചങ്ങാതിമാരാണ് ശബരിമല ദർശനത്തിന് പോകുന്ന കാര്യം പറഞ്ഞത്. ഒരു കൗതുകത്തിന് ശബരിമലയിൽ എത്തി. സ്വാമിയെ ദർശിച്ചു. താളരംഗത്ത് തുടക്കക്കാരനായ താൻ അന്ന് കിട്ടിയ പാത്രങ്ങൾ ചേർത്തുവച്ച് മരച്ചില്ല മുറിച്ച് കോലാക്കി അയ്യപ്പ സന്നിധിയിൽ താളം പിടിച്ചു. പിന്നീട് എസ്.പി ബാലസുബ്രഹ്മണ്യത്തോടൊപ്പം നടത്തിയ സിംഗപ്പൂർ യാത്രക്കിടെയാണ് ശബരിമലയിൽ എത്തണമെന്ന തോന്നൽ ശക്തമാകുന്നത്. ചെന്നൈയിൽ തിരിച്ചെത്തി വൃതമെടുത്ത് മലചവിട്ടി. അന്നു തുടങ്ങിയ പതിവ് ഇന്നും തെറ്റിച്ചിട്ടില്ല. ചില വർഷങ്ങളിൽ ഒന്നിലേറെ തവണ അയ്യപ്പ സന്നിധിയിൽ എത്തും. സ്വാമിയുടെ ചൈതന്യമാണ് തന്റെ ഊർജ്ജം. സ്വാമിക്കുള്ള സേവയാണ് ഈ അർച്ചന. ഒരു തവണ മാലയിട്ട കാലത്ത് ഒരു കാറപകടത്തിൽനിന്നും തലനാരിഴയ്ക്ക് പരിക്കേൽക്കാതെ രക്ഷപെട്ടതും അയ്യപ്പസാമിയിലുള്ള തന്റെ ഭക്തിയും വിശ്വാസവും ദൃഢപ്പെടുത്തിയെന്നും ശിവമണി വെളിപ്പെടുത്തി. രാവിലെ ഏഴരയോടെ നടയിലെത്തി തൊഴുതശേഷം സന്നിധാനത്തിൽ അയ്യപ്പസ്വാമിയ്ക്കായി ശരണംവിളിയോടെയായിരുന്നു ശിവമണിയുടെ താളാർച്ചന. വിവിധ താളക്രമങ്ങളിലൂടെയുള്ള സഞ്ചാരം പതിനഞ്ച് മിനിറ്റിലേറെ നീണ്ടു. തുടർന്നാണ് പ്രമുഖ കീബോർഡ് വാദകൻ പ്രകാശ് ഉള്ള്യേരിക്കൊപ്പം വലിയനടപ്പന്തലിലെ ഓഡിറ്റോറിയത്തിൽ ശിവമണി ഡ്രംസ് വായിച്ചത്. ദർശനത്തിനെത്തിയ അയ്യപ്പന്മാർക്ക് ശിവമണിയുടെ താളാർച്ചന പുതിയ അനുഭവമായി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.